**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6543** **20-03-2023 - ൽ മറുപടിയ്ക്ക്**

**ബോട്ടുകളിൽ നിന്നും യൂസേഴ്സ് ഫീ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. കെ. പി. എ. മജീദ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന തീരത്ത് നിന്നും മത്സ്യബന്ധനം നടത്തുന്ന ബോട്ടുകളെ നിയന്ത്രിക്കണമെന്ന ആവശ്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. കേരള സമുദ്ര മൽസ്യബന്ധന നിയന്ത്രണ നിയമം 1980 (ഭേദഗതി നിയമം 2017) , കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ ചട്ടം 2018 എന്നിവ പ്രകാരം കൊല്ലംകോട് മുതൽ പറവൂർ പൊഴിക്കര വരെ തീരത്തു നിന്ന് 30 മീറ്റർ ആഴത്തിനപ്പുറവും പറവൂർ പൊഴിക്കര മുതൽ ബങ്കാരമഞ്ചേശ്വരം വരെ തീരത്തു നിന്നും 20 മീറ്റർ ആഴത്തിനപ്പുറവും മാത്രമാണ് യന്ത്ര വൽകൃത മത്സ്യബന്ധന ബോട്ടുകൾക്ക് മത്സ്യബന്ധനം നടത്താൻ അനുമതി നൽകിയിട്ടുള്ളത്. പ്രസ്തുത 30 മീറ്റർ ആഴത്തിനും 20 മീറ്റർ ആഴത്തിനും അകത്തു മത്സ്യബന്ധനം നടത്തുന്നതിന് പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് മാത്രമാണ് അനുമതി നൽകിയിട്ടുള്ളത്. നിയമം ലംഘിച്ച് മത്സ്യബന്ധനം നടത്തുന്ന യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളെ നിയന്ത്രിയ്ക്കുന്നതിന് ഫിഷറീസ് വകുപ്പ്, മറൈൻ എൻഫോഴ്സ്മെന്റ് , കോസ്റ്റൽ പോലീസ് എന്നിവരുടെ സംയുക്ത പ്രവർത്തനത്തിലൂടെ കെ.എം.എഫ്.ആർ ആക്ട് കർശനമായി നടപ്പിലാക്കിക്കൊണ്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അന്യ സംസ്ഥാന ബോട്ടുകൾക്ക് സംസ്ഥാന ത്തിന്റെ തീരക്കടലിലൂടെ ഹാർബറുകളിൽ പ്രവേശിക്കുന്നതിനും ഹാർബറുകളിലെ സൗകര്യങ്ങൾ ഉപയോഗിക്കുന്നതിനും വാർഷിക പെർമിറ്റ് ഫീസ് ഏർപ്പെടുത്തിയിട്ടുണ്ട് . |
| (ബി) | ഇത്തരം ബോട്ടുകളിൽ നിന്ന് യൂസേഴ്സ് ഫീ പിരിക്കുന്നുണ്ടോ; ഇവ പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | പുതിയ കെ.എം.എഫ്.ആർ ചട്ടങ്ങൾ ഉത്തരവായ 2018 സെപ്റ്റംബർ നു ശേഷം സംസ്ഥാനത്തു രജിസ്റ്റർ ചെയ്തിട്ടുള്ള യന്ത്ര വൽകൃത യാനങ്ങളിൽ 20 മീറ്റർ നു മുകളിൽ നീളമുള്ളതും 250 HP ക്കു മുകളിൽ എഞ്ചിൻ ക്ഷമതയുള്ളതുമായ ബോട്ടുകൾക്കും അന്യ സംസ്ഥാന ബോട്ടുകൾക്കും 12 നോട്ടിക്കൽ മൈലിനുള്ളിൽ ഫിഷിംഗ് ലൈസൻസ് |

| | | | |
|---|---|---|---|
| | | | അനുവദിച്ചിട്ടില്ല. അവർക്കു തീരക്കടലിലൂടെ ഹാർബറുകളിലേക്കു പ്രവേശിക്കുന്നതിനും ഹാർബറുകളിലെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതിനും വാർഷിക പെർമിറ്റ് ഫീസാണ് ഏർപ്പെടുത്തിയിട്ടുള്ളത്. യന്ത്ര വൽകൃത യാനങ്ങളിൽ ട്രോൾ ബോട്ടുകൾക്ക് 25000/- രൂപയും, ഇൻബോർഡ് എൻജിൻ ഘടിപ്പിച്ചിട്ടുള്ള പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് 15000/- രൂപയും, ഔട്ട്ബോർഡ് എൻജിൻ ഘടിപ്പിച്ചിട്ടുള്ള പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് 5000/- രൂപയുമാണ് വാർഷിക പെർമിറ്റ് ഫീസ് നിശ്ചയിച്ചിട്ടുള്ളത്. വാർഷിക പെർമിറ്റ് ഫീസ് പിരിച്ചെടുക്കുന്നതിൽ വീഴ്ച ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ